LIBRARY ARCHIVES Kerala Legislative Assembly

റിലയൻസ് കേബിൾ വലിക്കുന്നതിന് അനുമതി

359 (1417) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ റോഡുകളിലൂടെ റിലയൻസ് കേബിൾ വലിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ കേബിൾ വലിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കിലോമീറ്ററിന് എത്ര രൂപ നിരക്കിലാണ് സർക്കാർ ഇതിന് അനുമതി നൽകിയിട്ടുള്ളത്; മറ്റ് സംസ്ഥാനങ്ങളിലേതുമായി പ്രസ്തുത തുക താരതമ്യം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) വിവരസാങ്കേതിക വകുപ്പിൽനിന്നും സ.ഉ.(എംഎസ്.) നമ്പർ 16/2013/ വി.സാ.വ, തീയതി 14-6-2013, സ.ഉ.(എംഎസ്) നമ്പർ 30/2013/വി.സാ.വ, തീയതി 11-10-2013 സർക്കാർ ഉത്തരവുകൾപ്രകാരം കേരളത്തിലൂടനീളം 3306.26 കിലോമീറ്റർ ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുവാനുള്ള അനുമതി M/s Reliance Jio Infocomm-ന് നൽകിയിട്ടുണ്ട്.

(ബി) Right of Way (RoW)അനുമതി നൽകുന്നതിന് സേവന ദാതാക്കളിൽ നിന്നും ഫീസൊന്നും ഇപ്പോൾ ഈടാക്കുന്നില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പ്, നിശ്ചിത തുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റി ഇതിനായി വാങ്ങുന്നുണ്ട്. ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിച്ചുകഴിഞ്ഞാൽ ബാങ്ക് ഗ്യാരന്റി തിരിച്ച് നൽകണമെന്നാണ് വ്യവസ്ഥ.

തിരുവല്ലാ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ്

360 (1418) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നേരത്തെ നടത്തിയ സ്ഥലമെടുപ്പ് നടപടി ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയതിന്റെ കാരണം വിശദമാക്കാമോ ;

(സി) പുതിയ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുപ്പ് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?